**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11-07-2021

1. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ജൂലൈ 31-ാം തീയതിയ്ക്ക് മുമ്പായി ചേരാവുന്നതാണ്. www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയകേന്ദ്രങ്ങൾ വഴിയും പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2334493** എന്ന നമ്പരിലോ, അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ **1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

## 2. ആട് വളർത്തൽ

കേരളസർക്കാർ മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന വാണിജ്യാടിസ്ഥാനത്തിലുള്ള ആട്‌വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷസമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## 3. ഡിപ്ലോമ ഇൻ മീറ്റ്ടെക്നോളജി, സർട്ടിഫിക്കറ്റ്കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ്

ഇന്ദിരാഗാന്ധി നാഷണൽഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഡിപ്ലോമ ഇൻ മീറ്റ്ടെക്നോളജി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നീകോഴ്സുകൾക്ക് 2021-22 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. ഒരുവർഷകോഴ്സായ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജിയിലേക്കുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടുവും ആറുമാസത്തെ കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗിന്റെ അടിസ്ഥാന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

യോഗ്യത 8-ാം ക്ലാസും ആണ്. ജൂലൈ 15-ന് മുമ്പ് https://onlineadmission.ignou.ac.in/admission/എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9495000930, 9400608493**

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. **സംരഭകത്വവികസന പദ്ധതിയുടെ ഭാഗമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ്** ബോർഡിന്റെ സഹകരണത്തോടെ സെൻട്രൽ ഹാച്ചറിയിൽവച്ച് **ആദായകരമായ പാലുൽപാദനം, ആട് പരിപാലനം, പന്നി പരിപാലനം, ഫാം മാനേജ്മെന്റ്, ഡയറി പ്രോഡക്ട്സ്** തുടങ്ങിയ വിഷയങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കർഷകർക്ക് റസിഡൻഷ്യൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 30-ന് മുമ്പായി **9188522703** എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. റബ്ബർ ബോർഡ് റബ്ബറുത്പന്നനിർമ്മാണത്തിൽ മൂന്നുമാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആഗസ്റ്റ് 02-ന് ആരംഭിക്കുന്ന കോഴ്സിലേക്ക് രജിസ്റ്റർചെയ്യേണ്ട അവസാന തീയതി ജൂലൈ 14 ആണ്. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0481—2353127/2353201**എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. ഇമെയിൽ: training@rubberboard.org.in

6. **ആലുവമൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഈ മാസം 14-ന് ***കാടവളർത്തൽ*** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

7. **വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോട**നുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽവച്ച് ഈ മാസം 15-ന് **ആനന്ദകരമായ ആയാസരഹിതമായ ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽവിലാസത്തിലോ ബന്ധപ്പെടുക. **9400831831, 9400289642.** **ഇ-മെയിൽ** sfftraining2021@gmail.com

8. **ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാട**നുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം21ന് **മുട്ടക്കോഴിവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479- 2457778** എന്ന ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേതാണ്

## അറിയിപ്പുകൾ

9. പാലക്കാട് ജില്ലയിലെ കുഴൽമന്ദം കൃഷിഭവനിൽ പേര, പാഷൻഫ്രൂട്ട്, ചാമ്പയ്ക്ക എന്നീ ഫലവൃക്ഷ തൈകൾ വിതരണത്തിന് എത്തിയിട്ടുണ്ട്. ആവശ്യക്കാർ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കൃഷിഓഫീസർ അറിയിച്ചു. ഫോൺ നമ്പർ **0492 2273797.**

10. കേരളം സമൃദ്ധ കേരളം 21-22 പദ്ധതിയുടെ ഭാഗമായി കേരശ്രീ ഇനത്തിൽപ്പെട്ട ഹൈബ്രിഡ് തെങ്ങിൻ തൈകളും, WCT ഇനത്തിൽപ്പെട്ട നാടൻ തെങ്ങിൻ തൈകളും മാരാരിക്കുളം തെക്ക് കൃഷിഭവൻ വഴി വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടുക. ഫോൺ: **0477 2258544**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ രോഗ-കീട ബാധിത തെങ്ങുകൾ മുറിച്ചുമാറ്റി പകരം തൈ നടുന്ന പദ്ധതിക്ക് മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ തുടക്കം കുറിച്ചു. കൂടുതൽ വിവരങ്ങൾക്ക് കൃഷി ഭവനുമായി ബന്ധപ്പെടുക. ഫോൺ: **0477 2258544**

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരു